പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *577 | 28.03.2018 ൽ മറുപടിയ്ക്ക് |
|---|---|
| **വനിതാശാക്തീകരണ പരിപാടികൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**,, ഡി.കെ. മുരളി**<br>**" എം. നൗഷാദ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വനിതാശാക്തീകരണ പരിപാടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വനിതാശാക്തീകരണ പരിപാടികൾ ചുവടെ ചേർക്കുന്നു<br>➢ സ്വയം തൊഴിൽ വായ്പാ പദ്ധതികൾ<br>➢ വിദ്യാഭ്യാസ വായ്പ പദ്ധതികൾ<br>➢ വിധവകൾക്കുള്ള സംരംഭക്വ വികസന പരിപാടികൾ<br>➢ പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാദമി ഫോർ വിമൻ (റിച്ച്)<br>➢ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെന്റർ അവയർനെസ്സ്<br>➢ വിമൻ കോളേജുകളിൽ വിമൻ സെൽ<br>➢ ഐ.സി.സി ബോധവൽക്കരണം<br>➢ പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ പരിശീലന പരിപാടി<br>➢ വിമൻസ് ഹോസ്റ്റലുകൾ (വനിതാ മിത്ര കേന്ദ്രം)<br>➢ തൊഴിലധിഷ്ഠിത പരിശീലന പദ്ധതി<br>➢ സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ, നാപ്കിൻ ഡിസ്പോസർ വിതരണം<br>➢ ഷീടോയിലറ്റ് |

| | |
|---|---|
| | ➢ ഷീടാക്സി പദ്ധതി<br>➢ മിത്ര 181 വനിതാ ഹെൽപ്പ ലൈൻ പദ്ധതി (ടോൾഫ്രീ)<br>➢ ആദിവാസി വനിതാ ക്ഷേമം മുൻ നിർത്തി 'വനമിത്ര' പദ്ധതി<br>➢ 50 വയസ്സ് കഴിഞ്ഞ അനാഥരായ വിധവകളെ സംരക്ഷിക്കുന്നതിന് അഭയകിരണം പദ്ധതി<br>➢ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള കർമ്മസേന പദ്ധതിയായ കൈത്താങ്ങ് പദ്ധതി<br>➢ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമങ്ങളെ കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയായ ശ്രദ്ധ പദ്ധതി |
| (ബി) വനിതാ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) വനിതാ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>➢ സ്വയം തൊഴിൽ വായ്പാ പദ്ധതികൾ<br>➢ വിദ്യാഭ്യാസ വായ്പ പദ്ധതികൾ<br>➢ വിധവകൾക്കുള്ള സംരംഭകത്വ വികസന പരിപാടികൾ<br>➢ പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാദമി ഫോർ വിമൻ (റിച്ച്)<br>➢ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെന്റർ അവയർനെസ്സ്<br>➢ വിമൻ കോളേജുകളിൽ വിമൻ സെൽ<br>➢ ഐ.സി.സി ബോധവൽക്കരണം<br>➢ പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ |

| | |
|---|---|
| | പരിശീലന പരിപാടി<br>➢ വിമൻസ് ഹോസ്റ്റലുകൾ (വനിതാ മിത്ര കേന്ദ്രം)<br>➢ തൊഴിലധിഷ്ഠിത പരിശീലന പദ്ധതി<br>➢ സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ, നാപ്കിൻ ഡിസ്പോയർ വിതരണം<br>➢ ഷീടോയിലറ്റ്<br>➢ ഷീടാക്സി പദ്ധതി |
| (സി) സംസ്ഥാനത്ത് ലിംഗ സമത്വം നേടുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങളും ഇതിനായി നിർഭയ നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങളും അവ നേടാനായി നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതിയും വിശദമാക്കാമോ? | (സി) അങ്കണവാടി തലം മുതൽ കോളേജ് തലം വരെയുള്ള കുട്ടികൾക്കും സർക്കാർ ഉദ്യോഗസ്ഥർക്കും വിവിധ ക്ലബ്ബുകൾക്കും സന്നദ്ധ സംഘടനകൾക്കും വിദ്യാഭ്യാസ സാമൂഹ്യ സമ്പർക്ക പ്രതിരോധ പരിപാടികളിലൂടെ അതിക്രമ രഹിത സമൂഹത്തെ വാർത്തെടുക്കുന്നതിനായി പ്രിവെൻഷൻ ക്യാമ്പെയിൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന വിവിധ സ്കീമുകളുടെ ലക്ഷ്യങ്ങളെയും പ്രവർത്തനങ്ങളെയും സേവനങ്ങളെയും കുറിച്ചുള്ള അവബോധം പൊതുജനങ്ങളുടെ ഇടയിൽ മീഡിയ ക്യാമ്പെയിൻ മുഖേന എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുണ്ട്. |

സെക്ഷൻ ഓഫീസർ